(i) <u>നിയമസഭാ സമിതികൾക്ക് പരാതിപ്പെടുവാനുള്ള നടപടിക്രമം</u>

ഹർജികൾ സംബന്ധിച്ച സമിതിയുടെ ആഭ്യന്തര പ്രവർത്തന ചട്ടം 1, 2, 3 എന്നിവയിൽ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട വിവരം വിശദവും വ്യക്തവുമായി സൂചിപ്പിച്ചിട്ടുണ്ട്.

(ii) <u>വിലാസം</u>

ഹർജികൾ സംബന്ധിച്ച സമിതിയുടെ ആഭ്യന്തര പ്രവർത്തന ചട്ടം 3 പ്രകാരം ഹർജി സംബോധന ചെയ്ത് അയയ്ക്കേണ്ടത് ബഹു. സ്പീക്കറെയോ, സമിതി അദ്ധ്യക്ഷനെയോ, നിയമസഭാ സെക്രട്ടറിയെയോ ആണ്. ആകയാൽ ബഹു. സ്പീക്കർ അല്ലെങ്കിൽ സമിതി അദ്ധ്യക്ഷൻ / ചെയർമാൻ അല്ലെങ്കിൽ നിയമസഭാ സെക്രട്ടറി, ഹർജികൾ സംബന്ധിച്ച സമിതി വിഭാഗം, നിയമസഭാ കോംപ്ലക്സ്, വികാസ് ഭവൻ പി. ഒ, തിരുവനന്തപുരം. പിൻ - 695033 എന്നതാണ് സമിതിയുമായി ബന്ധപ്പെട്ട വിലാസം.

(iii) <u>സമിതിക്ക് പരാതി നൽകുന്നതിന് മുമ്പ് ബന്ധപ്പെട്ട വകുപ്പിന് പരാതി നൽകണമെന്ന് നിർബന്ധമുണ്ടോ</u>

ഹർജികൾ സംബന്ധിച്ച സമിതിയുടെ ആഭ്യന്തര പ്രവർത്തന ചട്ടം 2 (vi) പ്രകാരം ഹർജി ബന്ധപ്പെട്ട അധികാരികൾക്ക് സമർപ്പിച്ച് മൂന്നു മാസകാലാവധി ആകാത്ത ഹർജികൾ പരിഗണനാർഹമല്ല. എന്നിരുന്നാലും, ഹർജിയിലെ വിഷയം മതിയായ പ്രാധാന്യമുള്ളതോ അടിയന്തര പ്രാധാന്യമുള്ളതോ ആയി സമിതിക്ക് ബോധ്യപ്പെടുകയാണെങ്കിൽ സമിതിക്ക് പരാതി നൽകുന്നതിന് മുമ്പ് ബന്ധപ്പെട്ട വകുപ്പിന് പരാതി നൽകിയില്ലെങ്കിലും ആയത് സമിതി പരിഗണിക്കുന്നതാണ്.